# ഓം വൈഷ്ണവം

www.maniyasseri.org
E-mail: maniyasserysecretary@gmail.com

**തമസോമാ ജ്യോതിർഗമയ** **പരസ്പരം ഭാവയന്ത: ശ്രേയ: പരമവാപ്സ്യഥ**

*കൊല്ലവർഷം 1191 തുലാം (ശകവർഷം 1936 കാർത്തികം) വാല്യം 6 ലക്കം 7, ക്രിസ്തുവർഷം 2015 ഒക്ടോബർ*

## മുഖക്കുറിപ്പ്

**ഡോ.ബി.സരോജിനി അമ്മ**

*പ്രിയ സഹോദരങ്ങളെ,*

*ഈ ലക്കം വൈഷ്ണവം ഭാഗവതസപ്താഹ ദിവസങ്ങളിൽ നിങ്ങൾക്ക് കിട്ടും. ഈശ്വര സാക്ഷാത്കാരത്തിന് ഏറ്റവും സുഗമമായ മാർഗ്ഗം ഭക്തിയാണ്. അവനവനെ മാത്രം ഉദ്ധരിയ്ക്കാനെ കർമ്മമാർഗ്ഗവും, ജ്ഞാനമാർഗ്ഗവും ഉപകരിയ്ക്കു. എന്നാൽ. ഭഗവത് കഥാ കഥനം,ശ്രവണം, നാമസങ്കീർത്തനം ഇവ കീർത്തിയ്ക്കുന്നവനും, ശ്രവിയ്ക്കുന്നവനും,സ്മരിയ്ക്കുന്നവനും മാത്രമല്ല സർവ്വജീവരാശിയ്ക്കും ഒരുപോലെ മംഗളം പ്രദാനം ചെയ്യും എന്നുള്ളതിന് ഉത്തമ ഉദാഹരണമാണ് ശ്രീ.പൂന്താനത്തിന്റെ ചരിത്രം.*

*പൂന്താനം സന്താനഗോപാലം പാന എഴുതിക്കൊണ്ടിരിയ്ക്കെ, വിപ്രപുത്രന്മാരെ വീണ്ടെടുക്കാനായി ഭഗവാനും അർജ്ജുനനും, വൈകുണ്ഠത്തിൽ എത്തിയ ഭാഗം, വർണ്ണിയ്ക്കേണ്ടി വന്നു. കണ്ടിട്ടില്ലാത്ത വൈകുണ്ഠം എങ്ങിനെ വർണ്ണിയ്ക്കും എന്നോർത്ത് അദ്ദേഹം കിടന്നുറങ്ങി. ഉറക്കത്തിൽ ഒരു വിമാനത്തിൽ അദ്ദേഹം വൈകുണ്ഠത്തെത്തി എന്ന് സ്വപ്നം കണ്ടു. അവിടെ ഭഗവത് സ്വരൂപത്തിലുള്ള രണ്ടുപാർഷദന്മാർ അദ്ദേഹത്തെ ഭക്ത്യാദരവോടെ സ്വീകരിച്ച്. വൈകുണ്ഠലോകം മുഴുവൻ കാണിച്ചു കൊടുത്തു. പൂത്തുലഞ്ഞ പൂക്കൾനിറഞ്ഞതും, വണ്ടുകൾ ഹരിനാമ കീർത്തനം മൂളി പറക്കുന്നതും സൗരഭ്യമേറിയതും ആയ ഉദ്യാനങ്ങൾ ചുറ്റി വൈകുണ്ഠത്തിന്റെ ശോഭ മുഴുവൻ അദ്ദേഹം ആസ്വദിച്ചു.. ഒടുവിൽ പാർഷാദന്മാർ അദ്ദേഹത്തെ പൂന്താനത്തിന്റെ ഭാഗവത പാരായണവും,പ്രഭാഷണവും ശ്രവിയ്ക്കുവാൻ അക്ഷമരായി ഹരിനാമകീർത്തനങ്ങൾ ഉച്ചത്തിൽ പാടിക്കൊണ്ടിരിയ്ക്കുന്ന ഭക്തസദസ്സിലേയ്ക്ക് ആനയിച്ചു. ആസ്ഥാനമണ്ഡപത്തിൽ അദ്ദേഹം ഭാഗവത കഥാകഥനം നടത്തി.കേട്ടവരെല്ലാം അദ്ദേഹത്തെ അനുമോദിക്കുകയും നമസ്കരിയ്ക്കുകയും ചെയ്തു,. ഇത്രയും ആയപ്പോൾ പൂന്താനം വൈകുണ്ഠവാസിയായ ഭഗവാനെ കൂടി കാണണം എന്ന ആഗ്രഹം പ്രകടിപ്പിച്ചു, പാർഷദന്മാർ അദ്ദേഹത്തെ ഭഗവൽ സന്നിധിയിൽ കൊണ്ടുപോയി.ആനന്ദാശ്രുക്കൾ നിറഞ്ഞ ഭക്തിയാൽ എല്ലാം മറന്ന പൂന്താനം ഭഗവത് പാദങ്ങളിൽ നമസ്കരിച്ചു. മനസ്സില്ലാ മനസ്സോടെ മടങ്ങാൻ തുടങ്ങിയപ്പോൾ. ഗുരോ എന്ന സംബോധനയോടെ പാർഷദന്മാർ അദ്ദേഹത്തെ വണങ്ങി. അമ്പരന്നു നിൽക്കുന്ന പൂന്താനത്തിനോട് അവർ പറഞ്ഞു, ഞങ്ങൾ അങ്ങയുടെ ഇല്ലത്ത് വടക്കെമുറ്റത്തു നിന്ന രണ്ടു വരിക്ക പ്ലാവുകൾ ആയിരുന്നു. അങ്ങയുടെ ഉച്ചത്തിലുള്ള ഭാഗവത പാരായണവും കീർത്തനാലാപനവും ശ്രവിച്ച് ഭഗവാന്റെ പാർഷദന്മാരാകാൻ സാധിച്ചു. ഭഗവാന്റെ മഹിമയ്ക്കും,കരുണയ്ക്കും അതിരുകളില്ല. പൂന്താനം തിരികെ വിമാനത്തിൽ കയറി ഇല്ലത്തെത്തി. പിറ്റേന്ന് എഴുന്നേറ്റ് ഭാഗവതം വായിയ്ക്കാൻ എടുത്തപ്പോൾ കാണുന്നത് അദ്ദേഹം വൈകുണ്ഠത്ത് വച്ച് വായിച്ച ഭാഗം കഴിഞ്ഞ് അടയാളം വച്ചിരിയ്ക്കുന്നതാണ്. ഭക്തി ലഹരിയിൽ ആറാടിയ പൂന്താനം ഭംഗിയായി വൈകുണ്ഠ വർണ്ണന പാന എഴുതി.*

*ഇത്ര മാഹാത്മ്യമുള്ള ഭാഗവതം നമ്മളും വായിക്കുകയും ശ്രവിയ്ക്കുകയും വേണ്ടേ,വരൂ മണിയശ്ശേരി തിരുമുറ്റത്ത്. നിങ്ങൾക്ക് വേണ്ടി ഒരുക്കിയിരിയ്ക്കുന്ന ഭാഗവത പന്തലിൽ നമ്മുടെ സ്വാമിയുടേയും, ഗുരുവായുരപ്പന്റേയും തിരുസന്നിധിയിൽ നമുക്ക് ഒന്നിയ്ക്കാം.*

## ഉത്തിഷ്ഠത

**സീയാർ**

*ഉത്തിഷ്ഠത .. എന്നു പറഞ്ഞാലുടൻ തന്നെ ജാഗ്രത പ്രാപ്യവരാന്നിബോധിത എന്ന ബാക്കി ഭാഗം സാധാരണയായി മനസ്സിൽ ഓടിയെത്തും. എന്നാൽ ഇതിനുശേഷമുള്ള "ക്ഷുരസ്യ ധാരാ നിശിതാ ദുരത്യയാ ദുർഗ്ഗം പഥസ്തത് കവയോ വദന്തി " എന്ന ഭാഗം അത്രപെട്ടെന്ന് ഓർമ്മയിലെത്തണമെന്നുമില്ല. കഠോപനിഷത്തിലെ പതിന്നാലാമത്തെ ശ്ലോകമാണ് ഇത്. മനുഷ്യജീവിതത്തിന്റെ പ്രാധാന്യവും, ജീവിതത്തിനാവശ്യമായ ശ്രദ്ധയും എത്രമാത്രമായിരിയ്ക്കണമെന്ന് ഓർമ്മപ്പെടുത്തുന്നതാണ് ഈ ശ്ലോകം. ഇനിയും അലസതയുണ്ടാവരുതെന്നും ജീവിതം വാൾത്തലപ്പിലൂടെയുള്ള നടപ്പിനു തുല്യമാണെന്നും, അതുകൊണ്ടു തന്നെ നല്ല ശ്രദ്ധ ആവശ്യമാണെന്നും ഈ ശ്ലോകം നമ്മെ ഓർമ്മപ്പെടുത്തുന്നു. മാത്രമല്ല യാത്ര ക്ലേശമില്ലാത്തതാകണമെങ്കിൽ അതു തരണം ചെയ്തവരുടെ അനുഭവം അറിഞ്ഞിരിയ്ക്കുകയും വേണം.*

*ജീവിതത്തിൽ ശ്രദ്ധയും അനുഭവജ്ഞാനവും എത്രമാത്രം ആവശ്യമാണെന്ന് ഈ ഭാഗം ഓർമ്മപ്പെടുത്തുന്നു. ജീവിതത്തെ നേരിടുന്നതിന് ശ്രദ്ധ മാത്രം പോരെന്നും അനുഭവമുള്ളവരുടെ അറിവു കൂടി ആവശ്യമാണെന്നും പറയുന്ന ഈ ശ്ലോകം എല്ലാക്കാലത്തും പ്രസക്തമാണ്. പലപ്പോഴും അൽപമാത്രമായുണ്ടാകുന്ന അശ്രദ്ധ നമ്മുടെ ജീവിതത്തെത്തന്നെ തകർത്തുകളഞ്ഞേക്കാം. ഉണർന്നിരുന്നാൽ മാത്രം പോര, ശ്രദ്ധ നന്നായുണ്ടാവുകയും വേണം.ഈ ശ്രദ്ധയാകട്ടെ സ്വയമുള്ള തീരുമാനങ്ങളിൽ മാത്രമല്ല വേണ്ടത്, മുതിർന്നവരുടെ അനുഭവത്തിലുള്ള കാര്യങ്ങൾ തിരിച്ചറിയുന്നതിനുകൂടിയായിരിയ്ക്കണം.*

*ജീവിതാനുഭവത്തെ ഇവിടെ രണ്ടായി തിരിക്കുന്നു. ഒന്ന് സ്വയം ഉണ്ടാകുന്നത്, മറ്റൊന്ന് അനുഭവമുള്ളവരിൽ നിന്നും ലഭിയ്ക്കുന്നത്. ഈ രണ്ടനുഭവങ്ങളും ഒരാളുടെ ജീവിതത്തെ ക്ലേശമില്ലാതാക്കി തീർക്കും. വെറുതെ അനുഭവമുണ്ട് എന്നു പറയുന്നതിലല്ല കാര്യം അനുഭവത്തെ ശ്രദ്ധയോടെ സമീപിയ്ക്കുന്നതിലും, തിരിച്ചറിയുന്നതിലുമാണ് ഒരാളുടെ ബുദ്ധിവൈഭവം തെളിയുന്നത്.മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളേയും ഒരു ചിപ്പിയിലടച്ചപോലെയുള്ള അനുഭവമാണ് ഈ ശ്ലോകം നൽകുന്നത്*

### കുടുംബാംഗങ്ങളുടെ ശ്രദ്ധയ്ക്ക്.

*മണിയശ്ശേരി ക്ഷേത്രത്തിലെ വഴിപാടുവിവരങ്ങൾ, ക്ഷേത്രത്തിലെ പ്രധാന വഴിപാടു ദിവസങ്ങൾ എന്നിങ്ങനെ മണിയശ്ശേരി ക്ഷേത്രത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങളും കുടുംബാംഗങ്ങളെ സമയാസമയം അറിയിയ്ക്കുന്നതിനും, കുടുംബാംഗങ്ങൾക്ക് വഴിപാടുകൾ നടത്തുന്നതിന് സഹായിയ്ക്കുന്നതിനുമായി* Maniyassery Temple *എന്നപേരിൽ കുടുംബാംഗങ്ങളുടെ ഒരു വാട്ട്സ് ആപ് ഗ്രൂപ്പ് 19-8-2015 ൽ ആരംഭിച്ചു. അംഗങ്ങളാകാത്ത എല്ലാ കുടുംബാംഗങ്ങളോടും ഈ ഗ്രൂപ്പിൽ അംഗമാകാൻ അഭ്യർത്ഥിയ്ക്കുന്നു.*

*മണിയശ്ശേരി സെക്രട്ടറിയുടെ പേരിൽ* (maniyasserysecretary@gmail.com) *ഒരു ഇ മെയിൽ ഐ.ഡി ഉണ്ടാക്കിയിട്ടുണ്ട്. ഭക്തജനങ്ങൾക്ക് ക്ഷേത്രകാര്യങ്ങൾക്കായി ഈ മെയിൽ ഐഡി ഉപയോഗിയ്ക്കാവുന്നതാണ്. സ്വന്തമായി മെയിൽ ഐഡികളുള്ള കുടുംബാംഗങ്ങൾ അവരുടേയും ബന്ധുക്കളുടേയും മെയിൽ ഐഡി സെക്രട്ടറിയെ ഇ മെയിൽ/ വാട്ട്സ് ആപ് / മെസ്സേജ് മുഖാന്തിരം അറിയിക്കണമെന്നഭ്യർത്ഥിയ്ക്കുന്നു*

**BOOK -POST**

To

(For Private Circulation Only)

..................................................Pin

*ഒക്ടോബർ 23 ന് രാവിലെ 10.00 ന് ഡോ.എൻ.ആർ.മാധവമേനോൻ സംഭാവനയായി നൽകിയ സപ്താഹ പീഠം അദ്ദേഹം സ്വാമിക്ക് സമപ്പിക്കുന്നാണ്.*

*ഈ വർഷത്തെ ഭാഗവത സപ്താഹ പാരായണ യജ്ഞം(മൂലം) ഒക്ടോബർ 23 മുതൽ 30 വരെ സപ്താഹ മണ്ഡപത്തിൽ ശ്രീ. ആർ.സോമശേഖർ യജ്ഞാചാര്യനായി കുടുംബാംഗങ്ങൾ നടത്തുന്നതാണ്. എല്ലാ കുടുംബാംഗങ്ങളുടേയും സാന്നിദ്ധ്യം അഭ്യർത്ഥിയ്ക്കുന്നു.*

### വൃശ്ചികമാസപൂജ-മണ്ഡലചിറപ്പ്

*ഈ വർഷത്തെ* **വൃശ്ചികമാസപൂജ-മണ്ഡലചിറപ്പ്** *നവംബർ 17 (വൃശ്ചികം 1) മുതൽ ഡിസംബർ 27 (ധനു 11) വരെ മുൻ വർഷങ്ങളിലെ പോലെ കുടുംബാംഗങ്ങളെ പങ്കെടുപ്പിച്ച് നടത്തുവാൻ തീരുമാനിച്ചിരിയ്ക്കുന്നു. വൃശ്ചികമാസ പൂജ - 300/ (ഗണപതിഹോമം, നീരാജ്ഞനം, ഗന്ധർവ്വ പുഷ്പാജ്ഞലി, ഭസ്മാഭിഷേകം, പാൽപായസം, എള്ള് പായസം)* **മണ്ഡലചിറപ്പ് - 1000/** *(ഗണപതിഹോമം, നീരാജ്ഞനം, ഗന്ധർവ്വ പുഷ്പാജ്ഞലി, നെയ്യഭിഷേകം, പനിനീരഭിഷേകം, പാൽപായസം, എള്ള് പായസം, ഐശ്വര്യ വിളക്ക്, അലങ്കാര ദീപാരാധന). എല്ലാ കുടുംബാംഗങ്ങളും, തങ്ങളുടേയും കുടുംബാംഗങ്ങളുടേയും പേരിൽ പൂജകൾ നടത്തി പരദേവതമാരുടെ അനുഗ്രഹം നേടണമെന്ന് അഭ്യർത്ഥിയ്ക്കുന്നു. പൂജകൾ നടത്തുന്നതിന് സെക്രട്ടറി / ട്രഷറർ -മായി ബന്ധപ്പെടേണ്ടതാണ്.*

Address Change -Secretary
**M.K.Muralie Gopal, Aashirwaad, ERRA – 37, Elamana Road, Thripunithura – 682 301 Mob- 9446225012.**
**E mail – maniyasserysecretary@gmail.com**

### കർക്കിടകത്തിൽ രാമായണ മാസ പൂജ നടത്തിയവർ (200 രൂപ)

*ഗിരിജപിള്ള, ശാന്തകുമാരി, എൻ.ആർ.രാജശേഖരൻ നായർ, വേദാന്ത്, രോഹിത്, ജയശ്രീ, ശശി, പി.ഗോപകുമാർ, ഗോവിന്ദ്കുമാർ, ഉഷാദേവി, ബാലുമോഹൻ, പ്രീത, പൂജ, ആദികേശൻ, ജിഷ്ണു, അജിത്ത്, ധനി, ലക്ഷ്മി, മനോജ്, കൃഷ്ണകുമാർ, ശ്രീലക്ഷ്മി, ഷൈലജ, ആർ.രഘു, ഹരിപ്രസാദ്, ഗായത്രി, രാമനാരായണൻ, ഇന്ദുപണിക്കർ, സുകുമാരിയമ്മ, ഹരികുമാർ, ശ്യാമമൂർത്തി, ഗോപിനാഥൻ നായർ, ശിവ, ഉഷ, നാരായണൻ തമ്പി, രമാ മേനോൻ, ഋഷികേശ്, സജ്ഞയ്, ജയശങ്കർ, അജയ്, ജെ.ഭാസ്കരൻ നായർ, രാധികരാജൻ, വിഘ്നേശ്, രാജശേഖരൻ നായർ, ശിവപ്രസാദ്, സുമേഷ്, നിവേദിത, അപർണ്ണ, ചന്ദ്രശേഖര മേനോൻ, ഗായത്രി, ശാരദദാസ്, ദേവി, കൃഷ്ണകുമാർ, ആര്യ, ആപ്തഭാരതി, രാകേഷ്, അനുരാധ, ഗീത, മധുസൂദനൻ, ഗീത, സന്ദീപ്, താര, കീർത്തന, ലക്ഷ്മി, സിന്ധുഗോപൻ, പാർവ്വതി. എസ്സ്.നായർ, ജയചന്ദ്രൻ, ഡോ.എസ്സ്.മാധവൻ നായർ, വേണുഗോപാൽ, മിസ്സ്സ്. എം.എൻ.കർത്ത, രജ്ഞിത് നാരായണൻ, ഐശ്വര്യ, ലേഖ, അഖിൽ, ശ്രീലത, ഭദ്ര, ദിലീപ്കുമാർ, കൃഷ്ണ, ശ്രീകുമാരി, ഗോപിനാഥൻ നായർ, ഗിരീഷ്, ഗീതാകുമാരി, ആരതി, അർജ്ജുൻ,മഹേഷ്, രഘുകുമാർ,പത്മാ പണിക്കർ, കീർത്തന, നന്ദകൃഷ്ണൻ, ലക്ഷ്മി,അശോക് കുമാർ, പ്രസന്നകുമാരി,ഡോ. പി.പി.നായർ, രഞ്ജിത് നായർ, ഗോകുൽ പ്രസാദ്, അരവിന്ദ്, റ്റി.മായ, ഉഷാകിരൺ, പ്രേംകുമാർ, ഭദ്രാമ്മ, ഗീതാറാണി, ജഗദമ്മ, ചന്ദ്രശേഖർ, രാമകൃഷ്ണൻ, സന്ദീപ് ഗോപാൽ,കൃഷ്ണപ്രിയ, ഗോപകുമാർ, സംയുക്ത, അനിൽ, വിദ്യ, ഉദയ, പ്രതി, അപർണ്ണ, മജ്ഞുള, നമിത, രഞ്ജിത്, സി.ആർ.പ്രസാദ്, ഗീതു, ശശികല, അഭിജിത്ത്, നന്ദിത, ധ്രുവ, വിജയ്, രവീന്ദ്രകുമാർ, ലാവണ്യ, അനൂപ്, വി. വൈഷ്ണവ്, മീര, രോഹിണി, അക്ഷത, ഗൗരി, ആദിത്യ, വാസുദേവ്, കനകം, പ്രേമ, വൈഷ്ണവി, ശശികുമാർ, മനുമോഹൻ, കൃഷ്ണദാസ്, എം.മാധവൻനായർ, നീന, റിയ, എം.വിജയലക്ഷ്മി അമ്മ, രോശിനി, വിജയമോഹനൻ നായർ, സുധാകരൻ, ആരാദ്ധ്യ, ഡോ.എൻ.ആർ.എം.മേനോൻ, ജയമോഹൻ, ശിവപ്രസാദ്, അർജ്ജുൻ, അപർണ്ണ, രാധാമാധവൻ, ഗംഗാഗോവിന്ദ്, ഗായത്രി, രാം.ജി.ഗോപാൽ, കൃഷ്ണപണിയ്ക്കർ, ഡോ.രമ, മേഘ, മഹാദേവ്, ദേവിക, ദർശന, സംഗീത*

### അനുശോചനം

*മണിയശ്ശേരി കുടുംബാംഗമായ ശ്രീ. എം.ശങ്കരപിള്ള (ശ്രീ.വിജയൻ), നാഗാസ്, ഉദാരശിരോമണി റോഡ്, തിരുഅനന്തപുരം 18-10-2015 ഞായറാഴ്ച അന്തരിച്ചു. പരേതാത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിയ്ക്കുന്നു*

പരദേവതാ സേവയ്ക്കൊരവസരം,എന്ന പദ്ധതിയിലൂടെ പൂജാസാധനങ്ങൾ സ്പോൺസർ ചെയ്യുന്നതിനും, ജന്മദിന ഭഗവത് അർപ്പണം എന്ന പദ്ധതിയിലൂടെ കുടുംബാംഗങ്ങൾ എല്ലാവരും അവരുടെ ജന്മദിനത്തിൽ ഒരു ദിവസത്തെ പൂജ കുടുംബ ക്ഷേത്രത്തിൽ നടത്തുന്നതിനും ഭരണസമിതി മുന്നോട്ടു വച്ച ആശയങ്ങൾക്ക് ആവേശകരമായ പ്രതികരണമാണ് കുടുംബാംഗങ്ങളുടെ ഭാഗത്തുനിന്നും ലഭിച്ചുകൊണ്ടിരിയ്ക്കുന്നത്. പദ്ധതികളിൽ സഹകരിച്ച അംഗങ്ങൾക്ക് ഭരണസമിതിയുടെ പേരിൽ നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ഇതുവരെ ചേരാത്ത അംഗങ്ങൾ പദ്ധതികളുമായി സഹകരിച്ച് ഈ സംരംഭം വൻ വിജയമാക്കിത്തീർക്കണമെന്നഭ്യർത്ഥിയ്ക്കുന്നു. ഈ പദ്ധതികളെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് സെക്രട്ടറിയുമായി ബന്ധപ്പെടണമെന്നഭ്യർത്ഥിക്കുന്നു. രണ്ടു പദ്ധതികളിലും ഭാഗഭാക്കായവരുടെ പേരു വിവരങ്ങൾ അടുത്തലക്കം വൈഷ്ണവത്തിൽ പ്രസിദ്ധീകരിയ്ക്കുന്നതാണ്.

മണിയശ്ശേരി ക്ഷേത്രത്തിലേയ്ക്ക് പൂജാ സാധനങ്ങൾ സ്പോൺസർ ചെയ്യുന്ന ഭക്തജനങ്ങൾക്ക് ആയതിലേയ്ക്കുള്ള തുക നൽകുന്നതിലേയ്ക്കായി ഫെഡറൽ ബാങ്ക്, കുലശേഖരമംഗലം ശാഖയിൽ -മണിയശ്ശേരി ദേവസ്വം ട്രസ്റ്റ് പൂജ ഐറ്റം എന്ന പേരിൽ ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. - A/c. No. 20720100033272. IFSC code – FDRL 0002072 മണിയശ്ശേരി ക്ഷേത്രത്തിൽ ജന്മനക്ഷത്ര ദിവസം ഒരു ദിവസത്തെ പൂജ ചെയ്യുന്ന ഭക്തജനങ്ങൾക്ക് ആയതിലേയ്ക്കുള്ള തുക നൽകുന്നതിലേയ്ക്കായി ഫെഡറൽ ബാങ്ക്, കുലശേഖരമംഗലം ശാഖയിൽ -മണിയശ്ശേരി ദേവസ്വം ട്രസ്റ്റ് നക്ഷത്ര പൂജ എന്ന പേരിൽ ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. - A/c. No. 20720100033231. IFSC code – FDRL 0002072 വഴിപാടു തുകകൾ അതാത് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയോ ഡിപ്പോസിറ്റ് ചെയ്യുകയോ ചെയ്യാവുന്നതാണ്. വഴിപാടുകളുടെ വിവരവും, തുക നൽകിയ വിവരവും സെക്രട്ടറിയെ വാട്ട്സ് ആപ് / ഇ മെയിൽ / കത്ത് മുഖാന്തിരം അറിയിക്കേണ്ടതാണ്. സാധാരണ വഴിപാടുകൾ ഒരു ദിവസമെങ്കിലും മുൻപും, ഗന്ധർവ്വ പൂജ, പാൽപായസം എന്നീ വഴിപാടുകൾ കുറഞ്ഞത് രണ്ടു ദിവസം മുൻപും അറിയിക്കണമെന്നഭ്യർത്ഥിയ്ക്കുന്നു.

## ചന്ദ്രഗ്രഹ സ്തോത്രം

| | |
|---|---|
| ദധിശംഖതുഷാരാഭം | ക്ഷീരസാഗര സംഭവനെ ! തയിൽ,ശംഖ്, മഞ്ഞുകട്ട ആദി |
| ക്ഷീരോദാർണ്ണവസമുദ്ഭവം | യാവയുടെ വെൺമയൊത്ത ശുദ്ധമായ പ്രഭസൃഷ്ടിച്ചവനെ! |
| നമാമി ശശിനം സോമം | ശ്രീ പരമശിവന്റെ ജഡാമകുടത്തെ അലങ്കരിയ്ക്കുന്ന |
| ശംഭോർമകുടഭൂഷണം | ചന്ദ്രഭഗവാനെ ! അങ്ങയെ വന്ദിയ്ക്കുന്നു. |

## നിങ്ങൾക്കറിയാമോ

നവഗ്രഹങ്ങൾ-സൂര്യൻ, ചന്ദ്രൻ,ചൊവ്വ,ബുധൻ,ബൃഹസ്പതി,ശുക്രൻ,ശനി, രാഹു, കേതു.

നവരസങ്ങൾ - രൗദ്രം., അത്ഭുതം, ശൃംഗാരം, ഹാസ്യം, വീരം, കരുണം, ഭയാനകം, ബീഭത്സം, ശാന്തം, ഭക്തി.

നവധാന്യങ്ങൾ - യവം, തുവര, പയർ, ഉഴുന്ന്, മുതിര, നെല്ല്, കടുക്, എള്ള്, അമര

## ഷഷ്ഠി വൃത മാഹാത്മ്യം

പ്രണവമന്ത്ര അർത്ഥം മഹാത്മാവായ ബ്രഹ്മദേവൻ വിശദീകരിച്ചതിൽ തൃപ്തനാകാതെ, അദ്ദേഹത്തെ താൻ ബന്ധനസ്ഥനാക്കി അധിക്ഷേപിച്ചതിൽ പശ്ചാത്തപിച്ച സുബ്രഹ്മണ്യസ്വാമി, ആ പാപ പരിഹാരാർത്ഥം ഒരു സർപ്പരാജരൂപം ധരിച്ച് പുറ്റിനുള്ളിൽ തപസ്സാരംഭിച്ചു. മകന്റെ തിരോധാനത്തിൽ ദുഃഖിതയായ പാർവ്വതീ ദേവി ഭർത്താവിന്റെ ഉപദേശപ്രകാരം ശുക്ല ഷഷ്ഠി വൃതമനുഷ്ഠിച്ച് സ്കന്ദനെ പാപമുക്തനാക്കി. അതിൽ സന്തോഷിച്ച മുരുകൻ, മേലിൽ ഷഷ്ഠി വൃതമനുഷ്ഠിക്കുന്നവരുടെ സന്താനങ്ങൾക്ക് സർവ്വ സൗഭാഗ്യങ്ങളും താൻ പ്രദാനം ചെയ്യുമെന്നരുളിചെയ്തു.

## എന്താണ് ദീപം

| | | |
|---|---|---|
| ദീ | യതേ ദീർഘമായുഷ്യം | ദീർഘായുസ്സിനും, മൃത്യുഭയത്തിൽ നിന്നുള്ള മോചന |
| പാ | തിമൃത്യോർഗതാത്തയാൽ | ത്തിനും (പാലനത്തിനും) ദീപം എന്നു സാരം |

നിലവിളക്കിന്റെ അടിഭാഗം ബ്രഹ്മാവായും, തണ്ട് വിഷ്ണുവായും,മുകൾ തട്ട് ശിവനായും, വിശ്വസിക്കപ്പെടുന്നു. ദീപനാളം ലക്ഷ്മിയായും,ദീപത്തിൽ നിന്നും പ്രസരിയ്ക്കുന്ന പ്രകാശം സരസ്വതിയായും, ചൂട് (ഊർജ്ജം) പാർവ്വതിയായും വിശ്വസിയ്ക്കപ്പെടുന്നു. വിളക്കിലെ ഇന്ധനം വിഷ്ണുവും, തിരി ശിവനുമാണ്. പഞ്ഞി കൊണ്ടുള്ള തിരിയാണ് ശ്രേഷ്ഠം.

## അരയാൽ

| | |
|---|---|
| മൂലതോ ബ്രഹ്മരൂപായ<br>മദ്ധ്യതോ വിഷ്ണുരൂപിണേ<br>അഗ്രശ്ശിവ രൂപായ<br>വൃക്ഷരാജായ തേ നമ: | അരയാലിന്റെ കടയ്ക്കൽ ബ്രഹ്മാവും, മദ്ധ്യത്തിൽ മഹാവിഷ്ണുവും, മുകളിൽ പരമശിവനും സാന്നിദ്ധ്യം ചെയ്യുന്നുണ്ട് എന്നാണ് വിശ്വാസം. അതുകൊണ്ടാണ് പ്രദിക്ഷിണ വിധിയിൽ ഏറ്റവും കൂടുതൽ തവണ - 7 തവണ അരയാലിനെ പ്രദിക്ഷിണം വയ്ക്കേണ്ടതാണ് എന്ന് വിധിച്ചത്. ശനിയാഴ്ചയും, തിങ്കളാഴ്ചയും അരയാൽപ്രദിക്ഷിണം വിശേഷമായി കരുതപ്പെടുന്നു. ശനിദോഷപരിഹാരത്തിനും അരയാൽ പ്രദിക്ഷിണം ഉത്തമമാണെന്ന് വിശ്വസിയ്ക്കുന്നു |

## വിളക്കണയ്ക്കുമ്പോൾ

വിളക്കിലെ തിരി തല്ലിക്കെടുത്തരുത്, വീശിക്കെടുത്തുകയോ, എണ്ണയിൽ തിരി താഴ്ത്തിയോ കെടുത്താം. കരിന്തിരി കത്തുന്നത് ഐശ്വര്യമല്ല.

## മഹത് സ്വഭാവം

| | |
|---|---|
| വിപദി ധൈര്യമഥാഭ്യുദയേ ക്ഷമാ | ആപത്തിൽ ധൈര്യം, സമ്പന്നതയിൽ ക്ഷമ, സദസ്സിൽ |
| സദസി വാക്പടുതാ യുധി വിക്രമ : | വാക്സാമർത്ഥ്യം, യുദ്ധത്തിൽ പരാക്രമം യശസ്സിൽ |
| യശസി ചാഭിരതിർവ്യസനം ശ്രുതൗ | താത്പര്യം, ആത്മവിദ്യയിൽ വ്യഗ്രത,ഇവയെല്ലാം |
| പ്രകൃതിസിദ്ധമിദം ഹി മഹാത്മാനാം | മഹാത്മാർക്ക് സ്വഭാവസിദ്ധമാണ്. |

## മൃത്യുഞ്ജയ മന്ത്രം

| | |
|---|---|
| ത്ര്യംബകം യജാമഹേ സുഗന്ധിം<br>പുഷ്ടി വർദ്ധനം<br>ഉർവ്വാരുകമിവ ബന്ധനാത്<br>മൃത്യോർമുക്ഷീയമാമൃതാത് | നമുക്ക് വേണ്ടത്ര പരിപോഷണം നൽകി ജീവിതത്തിന് സുഗന്ധം പരത്തുന്ന മുക്കണ്ണനായ ശിവനെ ഞങ്ങൾ പൂജിയ്ക്കുന്നു. പക്വതയാർന്ന ഒരുഫലം ഞെട്ടിൽ നിന്ന് അനായാസം അറ്റു വീഴുന്നതു പോലെ ദുഖാ കുലതകളുടേയും, മാറ്റങ്ങളുടേയും മരണത്തിന്റേയും ബന്ധനത്തിൽ നിന്ന് ആ ഭഗവാൻ നമ്മെ മുക്തരാക്കുന്നു. |

## വിലവമരം (കൂവളം)

വിലവമരം വളർത്തുന്നയാൾക്ക് അശ്വമേധയാഗം നടത്തിയ ഫലവും, ആയിരം പേർക്ക് അന്നദാനം ചെയ്ത ഫലവും, ഗംഗ പോലുള്ള പുണ്യ നദികളിൽ നീരാടിയഫലവും, കാശിമുതൽ രാമേശ്വരം വരെയുള്ള ശിവക്ഷേത്രങ്ങളിൽ ദർശനം നടത്തിയ പുണ്യവും കിട്ടുമെന്നാണ് വിശ്വാസം.

## മണിയശ്ശേരി ക്ഷേത്ര ദർശന സമയം

| രാവിലെ | | വൈകുന്നേരം | |
|---|---|---|---|
| നടതുറക്കുന്നത് | - 6 മണിയ്ക്ക് | | |
| അഭിഷേകം- മലർനിവേദ്യം | - 6.30 മണിയ്ക്ക് | | |
| ഗണപതി ഹോമം | - 6.45 മണിയ്ക്ക് | നട തുറക്കുന്നത് | - 5.30 മണിയ്ക്ക് |
| പൂജ | - 9.30 മണിയ്ക്ക് | നട അടയ്ക്കുന്നത് | - 7.00 മണിയ്ക്ക് |
| നട അടയ്ക്കുന്നത് | - 10.30 മണിയ്ക്ക് | | |

കുടുംബാംഗങ്ങളിൽ ആർക്കങ്കിലും വൈഷ്ണവം കിട്ടാതുണ്ടെന്ന് ശ്രദ്ധയിൽ പെടുന്ന അംഗങ്ങൾ സെക്രട്ടറിയെ അറിയിക്കണമെന്നപേക്ഷ. മെയിൽ വഴി വൈഷ്ണവം വേണം എന്നുള്ള അംഗങ്ങൾ ഇ മെയിൽ ഐഡി സെക്രട്ടറിയെ അറിയിക്കണമെന്നപേക്ഷ

## ജപം

ജപിയ്ക്കുന്ന സമയത്ത് ഇഷ്ടമൂർത്തിയുടെ രൂപം ധ്യാനിയ്ക്കുകയും വേണം, ഇല്ലെങ്കിൽ ജപം ഒരിയ്ക്കലും ദൃഢമാകുകയില്ല. ദേവതയുടെ പൂർണ്ണരൂപം ധ്യാനത്തിൽ വന്നില്ലെങ്കിലും ഏതു ഭാഗമാണ് വരുന്നതെന്നു വച്ചാൽ അവിടെ നിന്നാരംഭിയ്ക്കുക. നിഷ്ഫലമായാലും പിന്മാറരുത്, നിർബന്ധബുദ്ധിയോടെ വീണ്ടും വീണ്ടും ശ്രമിക്കുക. മനസ്സിനെ മറ്റു വിഷയങ്ങളിൽ നിന്നും തിരിച്ച് ധ്യാനവിഷയത്തിൽ ഉറപ്പിയ്ക്കാൻ പരിശ്രമം നടത്തിയാൽ ജയം നിശ്ചയമാണ്.

## അഭിനന്ദനം

ത്രിപുര സുന്ദരീദേവിയുടെ ശ്രീകോവിൽ നിർമ്മാണത്തിനാവശ്യമായ പലകയ്ക്ക് വേണ്ട പ്ലാവ്, കൊച്ചുപുരയ്ക്കൽ വീട്ടിൽ ശ്രീമതി അമ്മുകുട്ടിഅമ്മ സംഭാവനയായി ക്ഷേത്രത്തിന് നൽകി. തേക്കിന്റെ വാതിൽ പാളികളിൽ ഒരെണ്ണം ശ്രീമതി. എം.വിജയലക്ഷ്മിയമ്മയും, മറ്റൊരെണ്ണം ശ്രീ.എൻ. വിജയമോഹനൻ നായരും സംഭാവനയായി നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഇവരെ അഭിനന്ദിയ്ക്കുന്നതോടൊപ്പം ഇവർക്കും, കുടുംബാംഗങ്ങൾക്കും സ്വാമിയുടെയും പരദേവതമാരുടേയും അനുഗ്രഹമുണ്ടാകട്ടെയെന്ന് പ്രാർത്ഥിയ്ക്കുന്നു.

ക്ഷേത്രത്തിന്റെ വടക്കു അതിരിൽ റോഡിലുള്ള പുറം മതിലിന്റെ ഇരുവശവും പെയിന്റ് ചെയ്ത് മനോഹരമാക്കുന്നതിനുള്ള പെയിന്റ് ശ്രീ.എം.കെ.രാധാമാധവൻ സംഭാവനയായി നൽകുകയുണ്ടായി. അദ്ദേഹത്തെ അഭിനന്ദിയ്ക്കുന്നതോടൊപ്പം അദ്ദേഹത്തിനും, കുടുംബാംഗങ്ങൾക്കും സ്വാമിയുടെയും പരദേവതമാരുടേയും അനുഗ്രഹമുണ്ടാകട്ടെയെന്ന് പ്രാർത്ഥിയ്ക്കുന്നു

## അഭ്യർത്ഥന.

കഴിഞ്ഞലക്കം വൈഷ്ണവത്തിൽ ക്ഷേത്ര വികസന പദ്ധതികളിൽ, ക്ഷേത്ര ഹാളിനു വടക്കു ഭാഗത്തായി ഒരു അന്നദാനപന്തൽ, അടുക്കളയും നിർമ്മിയ്ക്കുന്നതിനെ കുറിച്ച് പരാമർശിച്ചിരുന്നു, അന്നദാനപന്തൽ നിർമ്മാണം നടത്തിയാൽ വിവാഹചടങ്ങുകളും മറ്റും കൂടുതലായി ക്ഷേത്രത്തിൽ നടക്കുവാനും, തദ്വാരാ ക്ഷേത്രത്തിൽ വരുമാന വർദ്ധനവിലൂടെ,സാമ്പത്തികമായി സ്വയം പര്യാപ്തതയിലെത്തുവാനും സാധിയ്ക്കും.ഏകദേശം 6 ലക്ഷം (ആറ്) രൂപ ചിലവു വരുന്ന ഈ പ്രവർത്തി മുഴുവനുമായോ ഭഗികമായോ (ട്രസ്സ് വർക്ക് - 2.73 ലക്ഷം, സൈഡ് ഗ്രിൽ - 68,000/ , തറ ഫില്ല് ചെയ്ത് കോൺക്രീറ്റ് ചെയ്ത് ഫിനിഷ് ചെയ്യുന്നതിന് - 2.51 ലക്ഷം ) സ്പോൺസർ ചെയ്യുവാൻ താൽപര്യമുള്ള കുടുംബാംഗങ്ങൾ സെക്രട്ടറിയുമായി ബന്ധപ്പെടണമെന്ന് അഭ്യർത്ഥിയ്ക്കുന്നു.

### പ്രസാദ ഊട്ട്

| | | |
|---|---|---|
| ചിങ്ങം - ഗോപിനാഥൻ നായർ | കന്നി - അഭിരാമി | തുലാം - മീര |

## അറിയിപ്പുകൾ.

ഈ വർഷത്തെ ശ്രീകൃഷ്ണ ജയന്തി സെപ്റ്റംബർ 5 ന് മണിയശ്ശേരിയിലും സമുചിതമായി ആഘോഷിച്ചു. പൂജകൾക്കു പുറമെ, ശ്രീകൃഷ്ണ ജയന്തിയോടനുബന്ധിച്ചു വാദ്യഘോഷങ്ങളോടെ നടന്ന ശോഭായാത്ര ക്ഷേത്രത്തിൽ നിന്നാണ് ആരംഭിച്ചത്. ട്രസ്റ്റ് പ്രസിഡന്റ് ഡോ.ബി.സരോജിനി അമ്മയുടെ നേതൃത്വത്തിൽ ശോഭായാത്രയ്ക്കെത്തിയ 60 -ഓളം ഉണ്ണികണ്ണന്മാർക്കും. ഗോപികമാർക്കും, 100- ഓളം നാട്ടുകാർക്കും സ്വാമിയ്ക്ക് വഴിപാടായി നേദിച്ച ഉണ്ണിയപ്പം വിതരണം ചെയ്തു.

ക്ഷേത്രത്തിന്റെ വടക്കു അതിരിൽ റോഡിലുള്ള പുറം മതിലിന്റെ ഇരുവശവും പെയിന്റ് ചെയ്ത് മനോഹരമാക്കി.

ക്ഷേത്രത്തിന് മുൻവശം, റോഡ് സൈഡിൽ ഇരുവശത്തുനിന്നും കാണാവുന്ന വിധത്തിൽ ക്ഷേത്രത്തിന്റെ പേരും അഡ്രസ്സും എഴുതിയ വർണ്ണാഭമായ ബോർഡ് സ്ഥാപിച്ചു.

ക്ഷേത്രത്തിൽ വരുന്ന ഭക്തജനങ്ങൾക്ക് അവരുടെ അഡ്രസ്സും, കോൺടാക്റ്റ് വിവരങ്ങളും അഭിപ്രയങ്ങളും രേഖപ്പെടുത്തുവാൻ ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

ത്രിപുര സുന്ദരീദേവിയുടെ ശ്രീകോവിൽ അലങ്കാരപ്പണികൾ ധൃഗതിയിൽ പുരോഗമിക്കുന്നു

ഒക്ടോബർ 21,22,23 തീയതികളിലായി ക്ഷേത്രത്തിൽ ദേവീഭാഗവത പാരായണം ഉണ്ടായിരിയ്ക്കുന്നതാണ്.

ഒക്ടോബർ 20 ന് ക്ഷേത്രത്തിൽ പൂജ വച്ച് 23 ന് രാവിലെ പൂജയെടുപ്പും വിദ്യാരംഭവും നടത്തുന്നതാണ്.

ഒക്ടോബർ 23 ന് ക്ഷേത്ര ഹാളിൽ വച്ച് ഡോ. ബി.സരോജിനി അമ്മയുടെ നേതൃത്വത്തിൽ സൗജന്യ ആയുർവ്വേദ ക്യാമ്പ് നടത്തുന്നതാണ്.